# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 12.03.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയാകാനുള്ള മുന്നൊരുക്കത്തിലാണ് ഇന്ത്യയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ; മൗറീഷ്യസിലെ ഇന്ത്യൻ സമൂഹത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്തു.**

   **President Draupadi Murmu said that India is preparing to become the third largest economy in the world; The President addressed the Indian community in Mauritius.**

2. **വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് രാജ്യം സ്വയംപര്യാപ്തത കൈവരിക്കേണ്ടത് അനിവാര്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

   **Prime Minister Narendra Modi said that it is necessary for the country to achieve self-sufficiency in order to achieve the goal of a developed India.**

3. **പൗരത്വ ഭേദഗതി നിയമം ആരുടേയും പൗരത്വ താൽപ്പര്യങ്ങളെ ഹനിക്കില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.**

   **Union Home Minister Amit Shah said that the Citizenship Amendment Act will not harm anyone's citizenship interests.**

4. **വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ബെലറൂസ് വിദേശകാര്യ മന്ത്രി സെർജേ അലേനിക്കുമായി കൂടിക്കാഴ്ച നടത്തി ; ഉഭയകക്ഷി പ്രാധാന്യമുള്ള ആഗോള വിഷയങ്ങൾ ചർച്ചയായി.**

External Affairs Minister S. Jaishankar met Belarus Foreign Minister Sergey Alenik; Global issues of bilateral importance were discussed.

5. പുതിയ ഹരിയാന മുഖ്യമന്ത്രിയായി നായിബ് സിങ് സൈനി അധികാരമേറ്റു.

Naib Singh Saini took office as the new Chief Minister of Haryana.

6. വനിതാ പ്രീമിയർ ലീഗിൽ ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ഫീൽഡിംഗ് തെരഞ്ഞെടുത്തു ; ഐഎസ്എലിൽ മുംബൈ സിറ്റി- നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടുന്നു.

Royal Challengers won the toss and elected to field in Women's Premier League; Mumbai City vs North East United in ISL.

*************************

## HEADLINE-1

## PRESIDENT- NATIONAL DAY CELEBRATION

രാഷ്ട്രപതി ദ്രൗപദി മുർമു മൗറീഷ്യസ് ദേശീയ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. മൗറീഷ്യസിലെ ചാംപ് ഡി മാർസിലാണ് പരിപാടി സംഘടിപ്പിച്ചത്. മൗറീഷ്യസ് പ്രസിഡന്റ് പൃഥ്വിരാജ് സിംഗ് രൂപൻ, മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ് എന്നിവരും മറ്റ് പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു. ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകാനുള്ള മുന്നൊരുക്കത്തിലാണ് ഇന്ത്യയെന്ന് രാഷ്ട്രപതി മൗറീഷ്യസിലെ ഇന്ത്യൻ സമൂഹവുമായുള്ള കൂടിക്കാഴ്ചയ്ക്കിടെ വ്യക്തമാക്കി. ഇന്ത്യയുടെ വളർച്ചാ യാത്രയുടെ ഭാഗമാകാൻ പ്രവാസികളോട് രാഷ്ട്രപതി ആഹ്വാനം ചെയ്തു. മൗറീഷ്യസ് സർവകലാശാലയിൽ നടന്ന

ചടങ്ങിൽ പ്രസിഡന്റ് മുർമുവിന് ഡോക്ടർ ഓഫ് സിവിൽ ലോ ബിരുദം സമ്മാനിച്ചു.

*************************

**HEADLINE-2**

## PM- RAJASTHAN

വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് രാജ്യം സ്വയം പര്യാപ്തത കൈവരിക്കേണ്ടത് അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജസ്ഥാനിലെ പൊഖ്രാനിൽ തദ്ദേശീയമായി നിർമിച്ച പ്രതിരോധ ഉപകരണങ്ങളുടെ പ്രദർശനമായ ഭാരത് ശക്തി പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. സമസ്തമേഖലകളിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിനാണ് രാജ്യം ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കിയ അദ്ദേഹം പ്രതിരോധ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനായി സ്വീകരിച്ച നടപടികളും വിശദീകരിച്ചു.

**(BYTE........PM)**

സ്വകാര്യ മേഖലയുടെ പങ്കാളിത്തം പ്രതിരോധ രംഗത്ത് ഉറപ്പുവരുത്തുന്നതിനും, പ്രതിരോധ ഇടനാഴികൾ ഉത്തർ പ്രദേശിലും, തമിഴ്നാട്ടിലും വികസിപ്പിക്കുന്നതിനും സർക്കാരിന് സാധിച്ചു. പ്രതിരോധ മേഖലയിൽ തദ്ദേശീയ ഉപകരണങ്ങളുടെ ഉത്പാദനം ഇരട്ടിയായി വർദ്ധിച്ചതായും, പ്രതിരോധ മേഖലയിലെ സ്വയംപര്യാപ്തത സായുധസേനയുടെ ആത്മവിശ്വാസം ഉയർത്തിയതായും ശ്രീ മോദി വ്യക്തമാക്കി. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഏകദേശം 6 ലക്ഷം കോടി രൂപയുടെ പ്രതിരോധ

ഉപകരണങ്ങൾ സേന ഇന്ത്യൻ ഉത്പാദകരിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പ്രതിരോധ മേഖലയിൽ ഇന്ത്യ സ്വയം പര്യാപ്തത കൈവരിക്കുന്നത് സായുധ സേനയുടെ ആത്മവിശ്വാസത്തിന്റെ ഉറപ്പ് കൂടിയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, രാജസ്ഥാൻ മുഖ്യമന്ത്രി ഭജൻ ലാൽ, ജലശക്തി മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, സിഡിഎസ് ജനറൽ അനിൽ ചൗഹാൻ, സേനാ മേധാവികൾ തുടങ്ങി നിരവധി പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു.

************************

## PM-SEMICONDUCTOR PROJECTS

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വീഡിയോ കോൺഫറൻസിംഗിലൂടെ ഏകദേശം 1.25 ലക്ഷം കോടി രൂപയുടെ മൂന്ന് അർദ്ധചാലക പദ്ധതികൾക്ക് തറക്കല്ലിടും. 'ഇന്ത്യ ടെക്കേഡ്: ചിപ് ഫോർ വികസിത് ഭാരത്' എന്ന പരിപാടിയിലൂടെ അദ്ദേഹം രാജ്യത്തെ യുവാക്കളെ അഭിസംബോധന ചെയ്യും. അർദ്ധചാലക രൂപകല്പന, ഉൽപ്പാദനം, സാങ്കേതിക വികസനം എന്നിവയുടെ ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റുന്നതിലൂടെ രാജ്യത്തെ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതി പ്രയോജനപ്രദമാകും.

************************

**HEADLINE-3**

## TELANGANA - AMIT SHAH

പൗരത്വ ഭേദഗതി നിയമം ആരുടേയും പൗരത്വ താൽപ്പര്യങ്ങളെ ഹനിക്കില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി

അമിത് ഷാ പറഞ്ഞു. പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നുള്ള അഭയാർഥികൾക്ക് പൗരത്വ ഭേദഗതി നിയമത്തിലൂടെ പൗരത്വം നൽകുമെന്നും ശ്രീ. ഷാ പറഞ്ഞു. ഹൈദരാബാദിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

*************************

**HEADLINE-4**

## EAM-BELARUS FM

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ ബെലറൂസ് വിദേശകാര്യമന്ത്രി സെർജേ അലേനിക്കുമായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി പ്രാധാന്യമുള്ള ആഗോള വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്തു. വികസന പങ്കാളിത്തം, പ്രതിരോധം, ശാസ്ത്ര സാങ്കേതിക വിദ്യ, വിദ്യാഭ്യാസം എന്നീ മേഖലകളിലും അവർ ആശയങ്ങൾ കൈമാറി. ചേരിചേരാ പ്രസ്ഥാനം, ഷാങ്ഹായ് ഉച്ചകോടി, ഐക്യരാഷ്ട്രസഭ എന്നിവയിലെ പ്രാദേശിക സാഹചര്യവും സഹകരണവും ചർച്ചാ വിഷയമായി.

*************************

**HEADLINE-5**

## HARYANA- CM

പുതിയ ഹരിയാന മുഖ്യമന്ത്രിയായി നായിബ് സിങ് സൈനി അധികാരമേറ്റു. ഇന്ന് വൈകിട്ട് നടന്ന ചടങ്ങിൽ ഗവർണർ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു. നിലവിൽ കുരുക്ഷേത്രയിൽ നിന്നുള്ള ലോക്സഭാ എംപി ആണ്

ശ്രീ.സൈനി. മുൻ മുഖ്യമന്ത്രി മനോഹർലാൽ ഖട്ടർ ഇന്ന് രാവിലെയാണ് രാജി സമർപ്പിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പിലെ സീറ്റ് വിഭജനവുമായി ബന്ധപ്പെട്ട് ഭരണകക്ഷി സഖ്യത്തിൽ പിളർപ്പുണ്ടെന്നെ റിപ്പോർട്ടുകൾക്കിടയിലായിരുന്നു ഖട്ടറുടെ രാജി.

*************************

## PM RAILWAY

85,000 കോടി രൂപയുടെ റെയിൽവേ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഹമ്മദാബാദിൽ തുടക്കം കുറിച്ചു. പുതിയ 10 വന്ദേഭാരത് ട്രെയിൻ സർവീസുകളും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു. കാസർഗോഡ് - തിരുവനന്തപുരം വന്ദേ ഭാരത് എക്സ്പ്രസ് മംഗലാപുരം വരെ നീട്ടുന്നതിന്റെ ഫ്ളാഗ് ഓഫും പ്രധാനമന്ത്രി നിർവ്വഹിച്ചു.. കൊല്ലം തിരുപ്പതി ദ്വൈവാര എക്സ്പ്രസ് സർവീസിനും പ്രധാനമന്ത്രി തുടക്കം കുറിച്ചു.

*************************

## VP - IRS OFFICER

ഇന്ത്യൻ റവന്യൂ സർവീസിനോട് രാജ്യത്തെ സാമ്പത്തിക ദേശീയത പ്രോത്സാഹിപ്പിക്കാൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ അഭ്യർത്ഥിച്ചു. പാർലമെന്റ് സമുച്ചയത്തിൽ ഐആർഎസിന്റെ 77-ാമത് ബാച്ചിലെ ഓഫീസർ ട്രെയിനികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 140 കോടി ബില്യൺ ജനസംഖ്യയുള്ള രാജ്യത്തിന്റെ നികുതി പിരിവ് സാധ്യതകൾ വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

*************************

## AIRCRAFT ACCIDENT

വ്യോമസേനയുടെ തേജസ് വിമാനം പരിശീലനത്തിനിടെ രാജസ്ഥാനിലെ ജയ്സാൽമീറിൽ അപകടത്തിൽപ്പെട്ടു. വൈമാനികൻ സുരക്ഷിതനാണ്. അപകടകാരണം കണ്ടെത്താൻ ഇന്ത്യൻ വ്യോമസേന അന്വേഷണ കമ്മിഷൻ രൂപീകരിച്ചിട്ടുണ്ട്.

*************************

**HEADLINE-6(a)**

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്നത്തെ മത്സരത്തിൽ ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ മുംബൈ ഇന്ത്യൻസിനെതിരെ ഫീൽഡിംഗ് തെരഞ്ഞെടുത്തു. ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം.

*************************

**HEADLINE-6(b)**

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്നത്തെ മത്സരത്തിൽ മുംബൈ സിറ്റി നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടുന്നു. മുംബൈ ഫുട്ബോൾ അരീനയിലാണ് മത്സരം.

*************************

## APPLICATION

ദൂരദർശൻ തിരുവനന്തപുരം കേന്ദ്രം റീജിയണൽ ന്യൂസ് യൂണിറ്റ് വിവിധ തസ്തികകളിൽ വാർഷിക കരാർ വ്യവസ്ഥയിൽ അപേക്ഷകൾ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾക്കും നോട്ടിഫിക്കേഷനും സന്ദർശിക്കുക. Prasarbharati.gov.in/pbvacancies. അപേക്ഷിക്കാനുള്ള

അവസാന തീയതി 22 മാർച്ച് 2024 ഓൺലൈനായി അപേക്ഷിക്കാൻ സന്ദർശിക്കുക.

applications.prasarbharati.org

*************************

## DD RAMLALA DARSHAN

ദൂരദർശൻ എല്ലാ ദിവസവും രാവിലെ 6:30 ന് അയോധ്യയിലെ ശ്രീരാംലല്ല ക്ഷേത്രത്തിൽ നിന്നുള്ള ആരതി തത്സമയം സംപ്രേക്ഷണം ചെയ്യും. 2024 ജനുവരി 22 നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി രാംലല്ലയുടെ പ്രാണ പ്രതിഷ്ഠ നടത്തിയത്.

*************************

## SC-HIMACHAL

ഹിമാചൽ പ്രദേശിൽ നിന്ന് അയോഗ്യരാക്കപ്പെട്ട ആറ് വിമത കോൺഗ്രസ് എംഎൽഎമാരുടെ കേസ് അടുത്ത തിങ്കളാഴ്ച സുപ്രീം കോടതി പരിഗണിക്കും. ബജറ്റ് വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നതിനെ തുടർന്നാണ് സ്പീക്കർ ഇവരെ അയോഗ്യരാക്കിയത്. രാജ്യസഭാ തെരഞ്ഞെടുപ്പിൽ ബിജെപി രാജ്യസഭാ സ്ഥാനാർത്ഥിക്ക് അനുകൂലമായി ഇവർ വോട്ടു ചെയ്തിരുന്നു.

*************************

## GADKARI - NATIONAL HIGHWAYS

അരുണാചൽ പ്രദേശിൽ ദേശീയപാതാ നിർമ്മാണത്തിനായി 6,621 കോടി രൂപ അനുവദിച്ചതായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി അറിയിച്ചു. 265 കിലോമീറ്ററിലധികം നീളം വരുന്നതാണ് ഈ പദ്ധതിയെന്ന് ഗഡ്കരി സമൂഹ മാധ്യമത്തിൽ കുറിച്ചു. കർണാടകയിലെ ബെല്ലാരി, അനന്ത്പൂർ ജില്ലകളിൽ 13 കിലോമീറ്ററിലധികമുള്ള ദേശീയപാതയ്ക്ക് 626 കോടി രൂപയും ഒഡീഷയിലെ

സംബൽപൂർ ജില്ലയിലെ ദേശീയപാതാ പദ്ധതിക്ക് 374 കോടി രൂപയും അനുവദിച്ചതായും ഗഡ്കരി അറിയിച്ചു.

*************************

# FELLOWSHIP-PORTAL

ന്യൂഡൽഹിയിൽ വിദ്യാർത്ഥികൾക്കും ഗവേഷകർക്കുമായി കേന്ദ്ര മന്ത്രി ഡോ ജിതേന്ദ്ര സിംഗ് പൊതു ഫെലോഷിപ്പ് പോർട്ടൽ പുറത്തിറക്കി. ഫെലോഷിപ്പിന് അപേക്ഷിക്കുന്നതിന് മുമ്പ് നടപടിക്രമങ്ങളുമായി ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികളെ പോർട്ടൽ സഹായിക്കുമെന്ന് ചടങ്ങിൽ സംസാരിച്ച ജിതേന്ദ്ര സിംഗ് പറഞ്ഞു. ഇന്ത്യാ ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ ഡോക്ടറൽ, പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പുകളെക്കുറിച്ചുള്ള വിവരങ്ങളും പോർട്ടലിൽ നിന്ന് ലഭിക്കും.

*************************

# REV. ANURAG -KIRTI SCHEME

വനിതാ കായിക താരങ്ങൾക്ക് മാത്രം പരിശീലനം നൽകുന്ന രണ്ട് പുതിയ മികവിന്റെ കേന്ദ്രങ്ങൾ രാജ്യത്ത് ആരംഭിക്കുമെന്ന് കേന്ദ്ര മന്ത്രി അനുരാഗ് സിംഗ് താക്കൂർ. ചണ്ഡീഗഢിൽ ഖേലോ ഇന്ത്യ റൈസിംഗ് ടാലന്റ് ഐഡന്റിഫിക്കേഷൻ കർമ്മ പദ്ധതിക്ക് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഖേലോ ഇന്ത്യയുടെ മെഡൽ ജേതാക്കൾക്ക് സർക്കാർ ജോലി നൽകുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതായും ശ്രീ താക്കൂർ പറഞ്ഞു.

***************************************************************************

*************************